LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഭവനരഹിതർ

6 (312) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

മണ്ണാർക്കാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഭവനരഹിതരുടെ തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിനായി ഏതെല്ലാം ഭവന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്?

ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് നിലവിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം 4 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ലാന്റ് ബാങ്ക് പദ്ധതിയിലൂടെയും ലൈഫ് മിഷൻ പദ്ധതിയിലൂടെയുമാണ് പട്ടികവർഗ്ഗ വിഭാഗക്കാരെ പുനരധിവസിപ്പിച്ചുവരുന്നത് .

(സി) ഇതിൽ എത്രപേർക്ക് പ്രസ്തുത പദ്ധതികളുടെ പ്രയോജനം ലഭിച്ചെന്നും ഇനിയും പ്രയോജനം ലഭിക്കാത്ത എത്രപേർ ഉണ്ടെന്നുമുള്ളതിന്റെ വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കുള്ള ഭവനപദ്ധതികൾ

7 (313) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കായി ഭവനപദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കായി പിന്നാക്ക വിഭാഗ വികസന വകുപ്പ് വഴി ഭവന പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കുന്നില്ല. എന്നാൽ സംസ്ഥാനത്തെ ഭവന രഹിതരായ എല്ലാ വിഭാഗം കുടുംബങ്ങൾക്കുമായി നടപ്പിലാക്കി വരുന്ന ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി മുഖേന ടി വിഭാഗങ്ങളിൽപ്പെട്ടവർക്കും ആനുകൂല്യം നൽകിവരുന്നുണ്ട്.

(ബി) ഇല്ലെങ്കിൽ പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ടവർക്കായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുമോ?

പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കായി പിന്നാക്ക വിഭാഗ വികസന വകുപ്പ് വഴി ഭവന പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കുന്നില്ല. എന്നാൽ സംസ്ഥാനത്തെ ഭവന രഹിതരായ എല്ലാ വിഭാഗം കുടുംബങ്ങൾക്കുമായി നടപ്പിലാക്കി വരുന്ന ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി മുഖേന ടി വിഭാഗങ്ങളിൽപ്പെട്ടവർക്കും ആനുകൂല്യം നൽകിവരുന്നുണ്ട്.

(സി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ സർക്കാർ പിന്നാക്ക വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് വീട് നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചും താലൂക്ക് തിരിച്ചും വ്യക്തമാക്കുമോ?

ലൈഫ് മിഷൻ പദ്ധതിയിൽ ജനറൽ വിഭാഗം, പട്ടികജാതി വിഭാഗം, പട്ടികവർഗ്ഗ വിഭാഗം, മത്സ്യത്തൊഴിലാളി വിഭാഗം എന്ന രീതിയിലാണ് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനുള്ള ധനസഹായം നൽകിവരുന്നത്. ടി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വീട് നൽകിയത് സംബന്ധിച്ച് താലൂക്ക് അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ഡി) ലൈഫ് മിഷൻ പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ എത്ര ഭവനങ്ങൾ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വീടുകളുടെ വിവരം ഇനം തിരിച്ച് അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങൾ

8 (314) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി കുടുംബങ്ങളാണ് നിലവിലുള്ളത്; കണക്കുകൾ ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.